**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 923** **09-10-2024 - ൽ മറുപടിയ്ക്ക്**

**പരിവർത്തനം നടത്തിയ വനഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് പരിവർത്തനം നടത്തിയ വനഭൂമി കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | WP(C)-1164/2023, WP(C)-1336/2023, WP(C)-1375/2023, WP(C)-42/2024, WP(C)-85/2024 എന്നിവയിന്മേൽ ബഹു. സുപ്രീംകോടതി 19.02.2024-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2023-ൽ ഭേദഗതി ചെയ്യപ്പെട്ട വന (സംരക്ഷണ) ചട്ടത്തിലെ സെക്ഷൻ 16(1) പ്രകാരം, 2023-ൽ ഭേദഗതി ചെയ്യപ്പെട്ട വന (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 1 A (1) (b) പ്രകാരമുള്ള ഭൂമികളും, ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം 1996-ൽ രൂപീകൃതമായ എക്സ്പേർട്ട് കമ്മിറ്റി കണ്ടെത്തിയ വനസമാനമായ പ്രദേശങ്ങളും, തരംതിരിക്കപ്പെടാത്ത വനഭൂമികളും, കമ്മ്യൂണിറ്റി വനങ്ങളും കണ്ടെത്തി ഏകീകരിച്ച രേഖ തയ്യാറാക്കുന്നതിന് വേണ്ടി 16.05.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 232/2024/വനം പ്രകാരം എക്സ്പേർട്ട് കമ്മിറ്റി രൂപീകൃതമാകുകയും, 09.08.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 350/2024/വനം പ്രകാരം ടി കമ്മിറ്റിയിൽ അധിക അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യുകയുണ്ടായി. 24.06.2024, 05.09.2024 തീയതികളിൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. |
| (ബി) | ഇതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതി എന്തെല്ലാം കാര്യങ്ങളാണ് പരിശോധിക്കുന്നതെന്നും പരിവർത്തിത വനഭൂമി കണ്ടെത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | WP(C)-1164/2023, WP(C)-1336/2023, WP(C)-1375/2023, WP(C)-42/2024, WP(C)-85/2024 എന്നിവയിന്മേൽ ബഹു. സുപ്രീംകോടതി 19.02.2024-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2023-ൽ ഭേദഗതി ചെയ്യപ്പെട്ട വന (സംരക്ഷണ) ചട്ടത്തിലെ സെക്ഷൻ 16(1) പ്രകാരം, 2023-ൽ ഭേദഗതി ചെയ്യപ്പെട്ട വന (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 1 A (1) (b) |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ഭൂമികളും, ബഹു. സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം 1996-ൽ രൂപീകൃതമായ എക്സ്പേർട്ട് കമ്മിറ്റി കണ്ടെത്തിയ വനസമാനമായ പ്രദേശങ്ങളും, തരംതിരിക്കപ്പെടാത്ത വനഭൂമികളും, കമ്മ്യൂണിറ്റി വനങ്ങളും കണ്ടെത്തി ഏകീകരിച്ച രേഖ തയ്യാറാക്കുന്നതിന് വേണ്ടി 16.05.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 232/2024/വനം പ്രകാരം എക്സ്പേർട്ട് കമ്മിറ്റി രൂപീകൃതമാകുകയും, 09.08.2024-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 350/2024/വനം പ്രകാരം ടി കമ്മിറ്റിയിൽ അധിക അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്യുകയുണ്ടായി. 24.06.2024, 05.09.2024 തീയതികളിൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. |
| (സി) | പരിവർത്തിത വനഭൂമി കണ്ടെത്തി സർക്കാർ രേഖകളിലെ വനം എന്ന നിർവചനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിവർത്തിത വനഭൂമി കൈവശമുള്ളവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) | പുതുക്കിയ വനസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായും, അതിനായി തയ്യാറാക്കപ്പെട്ട ചട്ടം 16(1) ൽ പ്രതിപാദിക്കപ്പെട്ടതും, ബഹു. സുപ്രീംകോടതിയുടെ WP(C)-1164/2023, WP(C)-1336/2023, WP(C)-1375/2023, WP(C)-42/2024, WP(C)-85/2024 നമ്പർ കേസുകളിലെ ബഹു. സുപ്രീംകോടതിയുടെ 19.02.2024-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലും മാത്രമായിരിക്കും കമ്മിറ്റിയുടെ പ്രവർത്തനം. |

സെക്ഷൻ ഓഫീസർ